# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.920** **05.03.2018 ൽ മറുപടിക്ക്**

**തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇരുമ്പുപാലം**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്നതും ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ളതുമായ ഇരുമ്പുപാലത്തിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പാലത്തിന് പകരമായി പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) ഈ പാലത്തിന് പകരമായി പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് EKM/2017/11009 തീയതി 16.01.2018 പ്രകാരം ഭരണാനുമതി നല്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) വളരെയേറെ പൈതൃക മൂല്യമുള്ള ഈ പാലം പൊളിച്ച് തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിൽസ്ഥാപിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) സമയബന്ധിതമായി പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയ ശേഷം ഡി.പി.ആർ തയ്യാറാക്കി ആയത് സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തീകരിച്ചെങ്കിൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇൻവെസ്റ്റിഗേഷൻ വേഗത്തിൽ പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |

S. Bindu

**സെക്ഷൻ ഓഫീസർ**